LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രീ. രാഗേഷ് സി.ആർ.-ന് ആരോഗ്യ വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എൽ.ഡി. ക്ലാർക്ക് ആയി നിയമനം നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുൻഗണനാക്രമം പാലിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാന് പ്രത്യേക നിയമന ഉത്തരവ് നൽകുന്നതാണ്.

(സി) ആശ്രിത നിയമന പദ്ധതി പ്രകാരം മുൻഗണനാക്രമം അനുസരിച്ച് മാത്രമേ നിയമനം നൽകുവാൻ കഴിയുകയുള്ളൂ.

(ഡി) ഇദ്ദേഹത്തിന് സീനിയോറിറ്റി ക്രമമനുസരിച്ച് നിയമനം നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ**

**79 (2630)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവു വിവരങ്ങൾ സ്ഥാപനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

**താലൂക്കാശുപത്രി, പയ്യന്നൂർ**

1. ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) - 1
2. ജൂനിയർ കൺസൾട്ടന്റ് (ഒ & ജി) - 2
3. കൺസൾട്ടന്റ് (ഒ & ജി) - 1

4. കൺസൾട്ടന്റ് (അനസ്തേഷ്യ) - 1

5. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) - 1

6. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 3

7. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 - 1

8. സ്റ്റാഫ് നേഴ്സ് - 3

9. പാർട്ട് ടൈം സ്വീപ്പർ - 1

**താലൂക്കാശുപത്രി, പെരിങ്ങോം**

1. ജൂനിയർ കൺസൾട്ടന്റ് (ഒ & ജി) - 1

2. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്) - 1

3. സിവിൽ സർജൻ - 1

4. അസിസ്റ്റന്റ് സർജൻ - 4

5. സ്റ്റാഫ് നേഴ്സ് - 2

6. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 - 3

7. പാർട്ട് ടൈം സ്വീപ്പർ - 4

**പ്രാഥമികാരോഗ്യ കേന്ദ്രം. പുളിങ്ങോം**

1. അസിസ്റ്റന്റ് സർജൻ - 1

2. സ്റ്റാഫ് നഴ്സ് - 1

3. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 - 1

**പ്രാഥമികാരോഗ്യ കേന്ദ്രം, കാരാക്കോൽ, ആലപ്പടമ്പ**

1.അസിസ്റ്റന്റ് സർജൻ - 2

**സാമൂഹികാരോഗ്യ കേന്ദ്രം, കരിവള്ളൂർ**

1. സ്റ്റാഫ് നേഴ്സ് - 1

**പ്രാഥമികാരോഗ്യ കേന്ദ്രം, രാമന്തളി**

1. സ്റ്റാഫ് നേഴ്സ് - 1

LIBRARY ARCHIVES Kerala Legislative Assembly

(ബി) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് അവ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്താൻ കഴിയും. സ്റ്റാഫ് നേഴ്സ്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2, പാർട്ട്ടൈം സ്വീപ്പർ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഞാറയ്ക്കൽ ആശുപത്രി

**80 (2631)** ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാരുടെ അഭാവം മൂലം ഞാറയ്ക്കൽ സർക്കാർ ആശുപത്രിയിലെ കിടത്തി ചികിത്സ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗുരുതരമായ ഈ സ്ഥിതി വിശേഷം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; ഡോക്ടർമാരുടെ എത്ര തസ്തികകളാണ് ഞാറയ്ക്കൽ ആശുപത്രിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഞാറയ്ക്കൽ ആശുപത്രിയിൽ ഇപ്പോൾ എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാറയ്ക്കൽ ആശുപത്രിയിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ -5 എന്നിങ്ങനെ ഡോക്ടർമാരുടെ 6 തസ്തികകളാണ് നിലവിലുള്ളത്. അതിൽ സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. നിലവിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ 4 പേർ അവധിയിലാണ്. ഈ സാഹചര്യത്തിൽ എറണാകുളം ജനറൽ ആശുപത്രിയിൽനിന്നും അയ്യമ്പിള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും ഓരോ അസിസ്റ്റന്റ് സർജന്മാരെ ടി ആശുപത്രിയിൽ നിയമിച്ചിരുന്നു. എന്നാൽ അയ്യമ്പിള്ളി പി.എച്ച്.സി.-യിലെ അസിസ്റ്റന്റ് സർജനെ ശബരിമല ഡ്യൂട്ടിക്ക് നിയമിച്ചിരുന്നതിനാൽ ഈ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് 24X7 സേവനം താൽക്കാലികമായി നിർത്തിവച്ചത്. എന്നാൽ പ്രസ്തുത സേവനം 3-12-2014

LIBRARY ARCHIVES Kerala Legislative Assembly